LIBRARY ARCHIVES Kerala Legislative Assembly

പുതുതായി വാങ്ങിയ ബസ്സുകൾ

109 [3118] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തരത്തിലുള്ള ബസ്സുകളാണ് കെ. എസ്. ആർ. ടി. സി. പുതുതായി വാങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേയ്ക്കായി ചെലവഴിച്ച തുക എത്ര;

(സി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് ഇവ വാങ്ങിയത്;

(ഡി) ഇതിൽ വിവിധ ജില്ലകൾക്കായി അനുവദിച്ച ബസ്സുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. മിനി ബസ്സുകൾ (എയ്ഷർ/ടാറ്റാ/അശോക് ലൈലാന്റ് സ്റ്റാഗ്)

2. ലൈലാന്റ് ബസ്സുകൾ—സൂപ്പർഡീലക്സ്, ലൈറ്റ്നിംഗ് എക്സ്പ്രസ്സ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ.

3. വോൾവോ ബസ്സുകൾ.

4. ടാറ്റാ ബസ്സുകൾ—ഫാസ്റ്റ് പാസഞ്ചർ എന്നീ തരത്തിലുള്ള ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. പുതുതായി വാങ്ങിയിട്ടുള്ളത്.

(ബി) 99.45 കോടി രൂപ.

(സി) വോൾവോ, ടാറ്റാ, അശോക് ലൈലാന്റ്, എയ്ഷർ എന്നീ കമ്പനികളിൽ നിന്നാണ് വാങ്ങിയത്.

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ബസ്സ് റൂട്ടുകൾ അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ

110 [3119] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ബസ്സ് റൂട്ടുകൾ അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ബസ്സ് റൂട്ട് അനുവദിക്കാനുള്ള അപേക്ഷ ഏത് വിധത്തിൽ സമർപ്പിക്കണമെന്ന് വ്യക്തമാക്കാമോ?

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ബസ്സ് പെർമിറ്റ് അനുവദിക്കുന്നതിന് പ്രത്യേകിച്ച് മാനദണ്ഡങ്ങൾ ഒന്നുമില്ല. സാധാരണ ഗതിയിൽ പെർമിറ്റിനുള്ള അപേക്ഷ നിരസിക്കരുത് എന്ന് മോട്ടോർ വാഹനനിയമം അനുശാസിക്കുന്നു. എന്നാൽ 5 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങളിൽ പെർമിറ്റുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് നിയമമുണ്ട്. അപ്രകാരം നിജപ്പെടുത്തിയിട്ടുള്ള നഗരങ്ങളിൽ അപേക്ഷകന്റെ യോഗ്യതകൾ (സർവ്വീസ് നടത്തിയ പരിചയം, സാമ്പത്തിക സ്ഥിരത, അപേക്ഷിച്ച റൂട്ടിൽ സർവ്വീസ് നടത്തിയ പരിചയം തുടങ്ങിയവ) പരിഗണിച്ചാണ് പെർമിറ്റ് അനുവദിക്കുന്നത്. 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതല്ല. നാലു ചക്രങ്ങൾ മാത്രമുള്ള ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നതല്ല എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. ബസ്സ് ഓടിക്കുന്നതിനുള്ള റൂട്ടുകൾ രൂപീകരിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. രൂപീകരിച്ചശേഷം അത്തരം റൂട്ടുകളിൽ മാത്രമേ പെർമിറ്റ് നൽകുകയുള്ളൂ.

(ബി) റൂട്ട് അനുവദിക്കുന്നതിന് നിശ്ചിത ഫോറം പൂരിപ്പിച്ച് നിശ്ചിത ഫീസ് അടച്ചതിന്റെ രസീത്, സർവ്വീസ് നടത്തുന്നതിനുള്ള സമയപ്പട്ടിക എന്നിയോടൊപ്പം റൂട്ടിന്റെ ഭൂരിഭാഗം ഏത് ആർ.റ്റി.എ.യുടെ അധികാരപരിധിയിൽ ആണോ ആ ആർ.റ്റി.എ.യ്ക്ക് നൽകേണ്ടതാണ്. പെർമിറ്റിനുള്ള അപേക്ഷ എപ്പോൾ വേണമെങ്കിലും നൽകാവുന്നതാണ്.

വനിതകൾക്ക് മാത്രമായുള്ള ബസ്സ് സർവ്വീസുകൾ

111 [3120] ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തൊട്ടാകെ വനിതകൾക്ക് മാത്രമായി എത്ര ബസ്സ് സർവ്വീസ്സുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ വിവിധ ഡിപ്പോകളിൽ നിന്നും വനിതകൾക്കു മാത്രം എത്ര ബസ്സ് സർവ്വീസ് നടത്തുന്നുണ്ടെന്ന് ഡിപ്പോ തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) പയ്യന്നൂർ ഡിപ്പോയിൽനിന്നും ദിവസവും രാവിലെ കണ്ണൂരിലേക്കും വൈകുന്നേരം കണ്ണൂർ-പയ്യന്നൂർ റൂട്ടിലേക്കും വനിതകൾക്കുമാത്രം ഒരു ബസ്സ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) കെ.എസ്.ആർ.ടി.സി. വനിതകൾക്കുമാത്രമായി സർവ്വീസുകൾ നടത്തുന്നില്ല.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ അവസ്ഥയിൽ ഇക്കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly